5

കേരള നവോത്ഥാനസമാരാംഭം ഉദയംപേരൂർ സൂനഹദോസിൽ

ഡോ. സ്കറിയ സക്കറിയ

ജോൺ ഓച്ചന്തുരുത്ത് മെമ്മോറിയൽ അക്കാദമി ഓഫ് ഹിസ്റ്ററി (ജോമ)യുടെ ആഭിമുഖ്യത്തിൽ 2014 നവംബർ 19-ന് ആലുവ കാർമൽഗിരി സെമിനാരിയിൽ സംഘടിപ്പിച്ച ചരിത്രസെമിനാറിൽ നടത്തിയ പ്രബന്ധാവതാരണം.

പ്രബന്ധത്തിന്റെ ശീർഷകം കാണുമ്പോൾത്തന്നെ പലരും നെറ്റിചുളിക്കും. അവരുടെ നീരസം കണ്ടില്ലെന്നുനടിച്ച് അവഗണിക്കാനാവില്ല. അത്രക്ക് പഴക്കവും തഴക്കവും വ്യാപ്തിയുമുള്ളതാണ് അവരുടെ പ്രതിവാദബുദ്ധി. അവരിൽ ചിലർ ചോദിക്കുന്നു, 1599-ലെ ഉദയംപേരൂർ സൂനഹദോസാണ് നിങ്ങൾ വിവക്ഷിക്കുന്നതെങ്കിൽ, അത് കേരള ചരിത്രത്തിലെ കറുത്ത അധ്യായമല്ലേ. മാർതോമായുടെ മാർഗവും വഴിപാടും പിന്തുടർന്ന് കേരളത്തിൽ സുസംഘടിതമായി പ്രവർത്തിച്ചിരുന്ന

കേരള ക്രൈസ്തവ സമൂഹത്തെ പാശ്ചാത്യകരിച്ച സമ്മേളനമല്ലേ ഉദയംപേരൂർ സൂനഹദോസ്? പള്ളിയോഗങ്ങളുടെ തനിമ നശിപ്പിച്ച് പാശ്ചാത്യമാതൃകയിലുള്ള സഭാഭരണക്രമവും ആചാരങ്ങളും ആരാധനക്രമവും നടപ്പിലാക്കിയ കോളനീകരണത്തിന്റെ ദുർമുഖമല്ലേ ഉദയംപേരൂർ സൂനഹദോസ്? ഇത്തരം പ്രതിവാദങ്ങൾ പ്രബന്ധശീർഷകത്തിനെതിരേ ഉയർന്നു കേൾക്കുമ്പോൾ ഒരുകാര്യം മാത്രം ശ്രദ്ധിക്കുക: ഇപ്പറഞ്ഞ വിപ്രതിപത്തികളൊന്നും കണ്ണുമടച്ചു നിഷേധിക്കാൻ ഞാൻ ഒരുമ്പെടുന്നില്ല. മാത്രമല്ല, എന്റെ പഠനഗവേഷണങ്ങളുടെ വിവിധഘട്ടങ്ങളിൽ ഇവിടെ ഉന്നയിച്ച പല പൂർവപക്ഷങ്ങളും മുഖ്യപ്രമേയങ്ങളായി വന്നിട്ടുണ്ട്. പക്ഷേ, അവിടംകൊണ്ട് സൂനഹദോസിനെക്കുറിച്ചുള്ള അറിവുകൾ അവസാനിക്കുന്നില്ല. കാലം ചെല്ലുന്തോറും പുതിയ ഉപാദാനങ്ങളും ഉപപാദനങ്ങളും സിദ്ധാന്തങ്ങളും കടന്നുവരുന്നു. അവയുടെ സഹായത്തോടെ ഉദയംപേരൂർ സൂനഹദോസിനെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ ചില കാര്യങ്ങൾ തെളിഞ്ഞുവരും.

ഒന്ന്

1. ഉദയംപേരൂർ സൂനഹദോസിനെ കഴിഞ്ഞ അഞ്ചുനൂറ്റാണ്ടിനിടയിൽ പലതരത്തിൽ വിവരിക്കുകയും വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്. കേരള ക്രൈസ്തവചരിത്രവിജ്ഞാനത്തിലെ തിളക്കമേറിയ വിവാദങ്ങൾക്ക് ഉദയംപേരൂർ സൂനഹദോസിന്റെ ഉപാദാനങ്ങൾ നിമിത്തമായിത്തീരുന്നു. ഇന്നും ആ വഴിക്കുള്ള പഠനഗവേഷണങ്ങൾ തുടരുന്നു.

2. ഓരോ പ്രതിഭാസത്തെയും പലതരത്തിൽ മനസ്സിലാക്കാമെന്നും ഇത്തരത്തിലുള്ള ബഹുവർത്ഥസാധ്യത പരിഗണിക്കുന്നതാവണം ചരിത്രവിജ്ഞാനം എന്നും തിരിച്ചറിയേണ്ടിയിരിക്കുന്നു. ഉദയംപേരൂർ സൂനഹദോസ് സാധുവാണോ അസാധുവാണോ എന്ന നൈയാമിക (Juridical) തർക്കത്തെക്കാൾ ഇന്ന് പ്രധാനം സൂനഹദോസിന്റെ നാനാർഥങ്ങളാണ്. സുറിയാനി കത്തോലിക്കർക്കും ലത്തീൻ കത്തോലിക്കർക്കും പുനരൈക്യമലങ്കരസഭയ്ക്കും ഓർത്തഡോക്സ് സഭയ്ക്കും ഓർത്തഡോക്സ് പാർത്രി

യാർക്കീസ് വിഭാഗത്തിനും ക്നാനായക്കാർക്കും വ്യത്യസ്താർഥ ങ്ങളാണ് സൂനഹദോസ് നല്കുന്നത്. അതത് സഭാവിഭാഗങ്ങളുടെ ഇന്നത്തെ നിലയും ആശയാവലികളും കെട്ടുപാടുകളും സങ്കല്പ ങ്ങളും വിശ്വാസങ്ങളും അവർക്ക് പുതിയ പുതിയ അർഥങ്ങൾ ഉത്പാദിപ്പിച്ചുതരും. അറിവും അനുഭവവും കലർന്നതാണ് ഉദയം പേരൂർ സൂനഹദോസിനെക്കുറിച്ചുള്ള ധൈഷണികത (cognition). ഇത്തരം നാനാത്വത്തിന്റെ സമൃദ്ധിയിലാണ് ഇപ്പോൾ എന്റെ മന സ്സ് അഭിരമിക്കുന്നത്. ഇത് കഴിഞ്ഞ നാല്പത്വർഷത്തിനിടയിൽ ഉണ്ടായ മാറ്റത്തിന്റെ ഫലമാണ്. എല്ലാ അറിവുകളും പരിണമിക്കു യാണ്. ജൈവികമാണറിവുകൾ. അന്വേഷകന്റെ ഹൃദയവും തല ച്ചോറും ലഭ്യമായ അറിവുകളോടു പ്രതികരിച്ച് പുത്തൻ അറിവു കൾ ഉത്പാദിപ്പിക്കുന്നു. നാനാവഴിക്ക് തുറക്കുന്നതാണ് പുത്തൻ അറിവുകൾ . വ്യക്തിസ്വത്വത്തിന്റെ പുറമേ നാനാതരം വിജ്ഞാന ങ്ങളും ഇത്തരം അറിവുരൂപീകരണത്തെ പ്രചോദിപ്പിക്കുന്നു. കേര ളത്തിൽ മൂന്നു കത്തോലിക്കാറീത്തുകളുടെ സജീവസാന്നിദ്ധ്യം ഉദ യംപേരൂർ സൂനഹദോസിനെ കേരള ചരിത്രവിജ്ഞാനത്തിലെ ഒരു രൂപക (metaphor) മാക്കി മാറ്റിയിരിക്കുന്നു. രൂപകങ്ങൾ അർഥപുഷ്ടിയുള്ളവയാണ്. ഓരോരോ ശൃംഖലകളിൽ അത് ഊർജ സ്വലമായി അർഥോത്പാദനം നടത്തുന്നു. അങ്ങനെയുണ്ടാകുന്ന സൂനഹദോസറിവുകൾ കലർത്തി ഉപയോഗിക്കുകയാണ് ഇവിടെ തന്ത്രം.

3. വ്യത്യസ്ത അറിവുധാരകൾ കലർത്തുന്നത് ശുദ്ധിവാദി കൾക്കും മൗലികവാദികൾക്കും ഇഷ്ടമാവില്ല. എങ്കിലും കലർപ്പിന്റെ കല വിജ്ഞാനമണ്ഡലത്തിലാകെ വ്യാപിക്കുകയാണ്. സങ്കരത (Hybridity) വിജ്ഞാനലോകത്ത് കൊണ്ടാടപ്പെടുന്നു; പല പേരുക ളിലാണെന്നു മാത്രം. കോളണീയാനന്തരത എന്ന വിജ്ഞാനമേ ഖലയിൽ ഇതിന് വലിയ പ്രസക്തിയുണ്ട്. കോളനീകരണത്തിന്റെ ഭാഗമായി ഉദയംപേരൂർ സൂനഹദോസിനെ മനസ്സിലാക്കിയാൽ സങ്ക രത വിലപ്പെട്ട മൂല്യമാകും. പാശ്ചാത്യ ക്രൈസ്തവസഭയുടെ മാതൃക ക്രൈസ്തവികതയുടെ മാനദണ്ഡമാക്കി നടപ്പിലാക്കിയ അനേകം നിയമങ്ങൾ സൂനഹദോസ് നിശ്ചയങ്ങളിൽ കാണാം. വർത്തമാന കാലത്തെ അംഗീകരിക്കുന്ന പുരോഗമനവാദികൾ ഇത്തരം സങ്ക

രതയെ ആഗോളീകരണകാലത്ത് മേന്മയായാണ് പരിഗണിക്കുന്നത്. മറിച്ച്, തദ്ദേശീയതയുടെ വീണ്ടെടുപ്പാണ് സമൃദ്ധിചിഹ്നമെന്നു കരുതുന്നവരുമുണ്ടാകും. അവർ ഭൂതകാലത്തിലേക്ക് മടങ്ങാൻ സൂനഹദോസിനെ കണ്ണുമടച്ച് തള്ളിപ്പറയും. സൂനഹദോസ് വരുത്തിയ പരിവർത്തനങ്ങൾ സ്വത്വനാശത്തിന്റെ കാരണങ്ങളായാണ് അവർ വ്യാഖ്യാനിക്കുന്നത്. കോളനീയാന്തരവാദത്തിന്റെ ഭാഗമായി തർജമ (translation), ഹാസ്യാനുകരണം (mimicry), സന്ദിഗ്ധത (Ambivalence) തുടങ്ങിയവകൂടി പരിഗണിച്ചാൽ സൂനഹദോസറിവ് സമകാലികമാക്കാനുള്ള പുതിയ രീതിശാസ്ത്രം വശമാക്കാം. പ്രശസ്ത ദാർശനികനായ ജോർജിയോ അഗമ്പൻ സൂചിപ്പിക്കുന്നതുപോലെ, വിചാരണ (traial) തുടങ്ങാം; തീർപ്പുകൾ (Judgement) ഇല്ലാത്ത വിചാരണ. അതാണ് സമകാലിക അറിവുവഴി. ഉദയംപേരൂർ സൂനഹദോസിനെക്കുറിച്ചുള്ള വ്യത്യസ്ത കാഴ്ചപ്പാടുകൾ അവയുടെ പരിസരത്തിലും അയല്പക്കബന്ധങ്ങളിലും മനസ്സിലാക്കാൻ കഴിഞ്ഞാൽ കുറെക്കൂടി മാനവികമായും ഉദാരമായും സമൃദ്ധമായും ചർച്ച മുന്നോട്ടുകൊണ്ടുപോകാം. അതല്ല, ശരിതെറ്റുകൾ ഉടൻതന്നെ വിധിക്കണമെന്നു ശഠിച്ചാൽ നൂറ്റാണ്ടുകളായി നടക്കുന്ന വിവാദങ്ങൾ തുടരാം.

4. സൂനഹദോസിനെക്കുറിച്ച് പഠിക്കാനുള്ള മുഖ്യ ഉപാദാനം സൂനഹദോസ് തീരുമാനങ്ങളുടെ രേഖയായ കാനോനകളാണ്. അന്നത്തെ മലയാള ഭാഷയിൽ എഴുതി പങ്കെടുത്തവർ ഒപ്പ് കുത്തിയ കാനോനകൾ സൂക്ഷ്മമായി പരിശോധിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു. 1972-ൽ ഒരു ഗവേഷണവിദ്യാർഥിയായി കേരളസർവകലാശാലയിൽ രജിസ്റ്റർ ചെയ്തപ്പോൾ വിഷയനിർണയനകമ്മിറ്റിയുടെ തലവനായി വന്ന ഡോ.വി.ഐ.സുബ്രഹ്മണ്യമാണ് ഈ വിഷയത്തിലേക്ക് എന്നെ നയിച്ചത്. ഞാൻ കൈയിൽ കരുതിയിരുന്നത് വയലാർ രാമവർമയുടെ കവിതയെക്കുറിച്ചുള്ള ശൈലീവിജ്ഞാനപരമായ പഠനം. മാർഗനിർദേശി നല്കിയത് ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളുടെ വ്യാകരണ വിശകലനം. മുന്നറിവുകളൊന്നുമില്ലാതിരുന്ന ഞാൻ രേഖാലയങ്ങൾ കയറിയിറങ്ങി നാല് പകർപ്പുകൾ കണ്ടെടുത്ത് സംയോജിപ്പിച്ച് കാനോനകൾ പ്രസിദ്ധീകരിച്ചു. പിന്നീട് കാനോനകളിലെ ഓരോ വാക്കും സൂക്ഷ്മമായി

അപഗ്രഥിച്ച് ശബ്ദകോശം തയ്യാറാക്കി, തുടർന്ന് വ്യാകരണവും. കാനോനകളിലെ പ്രയോഗവിശേഷങ്ങളുടെ അർഥം തേടി അനേകം പണ്ഡിതന്മാരെ സമീപിച്ചു. സഭാപണ്ഡിതന്മാരും പൊതുചരിത്ര വിജ്ഞാനികളും സാംസ്കാരിക വിമർശകരും സൂനഹദോസ് അറിവിനു നല്കിയ വളർച്ചയാണ് എന്റെ രചനകളിലുള്ളത്. നാനാതരത്തിലുള്ള അറിവുകൾ കൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന സങ്കലന ബഹളം പ്രസ്താവനകളിൽ മുഴങ്ങിക്കേൾക്കാം. എങ്കിലും ഭാഷാപഠനത്തിന്റെ ബലിഷ്ഠമായ അടിത്തറ ഒരു ഘട്ടത്തിലും ഉപേക്ഷിച്ചിട്ടില്ല.

5. സൂനഹദോസ്പഠനങ്ങളുടെ ഉന്നവും തന്ത്രവും വ്യത്യസ്തങ്ങളാണ്. സുറിയാനി ക്രിസ്ത്യാനികൾക്ക് തങ്ങളുടെ പഴമയും വ്യതിരിക്തതയും പുനഃസ്ഥാപിക്കാനുള്ള വിഭവങ്ങളാണ് കാനോനകളിലുള്ളത്. കഴിഞ്ഞതെല്ലാം പുനരുദ്ധരിക്കാൻ സ്ഥലകാലങ്ങളിലുള്ള അന്തരം അനുവദിക്കുകയില്ല. പോരെങ്കിൽ, റോമൻ കത്തോലിക്കാ സഭയുടെ വിശാലമായ ചിട്ടവട്ടങ്ങൾക്കുള്ളിൽനിന്നുകൊണ്ട് ഏതു പുനരുദ്ധാരണം? ഉദാഹരണത്തിന് സഭാഭരണക്രമം, വിശ്വാസസംബന്ധമായ തീർപ്പുകൾ എന്നിവയുടെ കാര്യത്തിലൊന്നും വൈവിധ്യങ്ങൾ എളുപ്പമല്ല. വൈദികരുടെ ബ്രഹ്മചര്യം പോലുള്ള കാര്യങ്ങളിൽ സൂനഹദോസ് നടപ്പിലാക്കിയ മാറ്റങ്ങൾ പുനഃസ്ഥാപിക്കണമെന്നു വാദിക്കാൻ ഏറെപ്പേർ ഒരുമ്പെട്ടു കണ്ടിട്ടില്ല. സഭാഭരണക്രമത്തിൽ പള്ളിയോഗവും പൊതുയോഗവും അർക്കദിയാക്കോനും പഴയമട്ടിലുണ്ടാവണം എന്നുവാദിക്കാൻ അധികാരസ്ഥാനങ്ങളിലുള്ളവരാരും തയ്യാറാവുകയില്ല. ഇത് സൂനഹദോസിനെക്കുറിച്ചുള്ള ചർച്ചയെ സന്ദിഗ്ധതയിൽ എത്തിക്കുന്നു. മർമപ്രധാനമായ കാര്യങ്ങൾ സ്പർശിക്കാതെയുള്ള പ്രകടനപരമായ പരിഷ്കാരങ്ങൾ പാരമ്പര്യവാദത്തെ ഹാസ്യാനുകരണ (mimicry)മാക്കുന്നു.

6. പഴമ പറയുന്ന രേഖകൾ അർഥപുഷ്ടിനല്കി ഉപയോഗിക്കാൻ കേവലഭാഷാജ്ഞാനത്തിന് കെല്പില്ല. തരിസാപ്പള്ളിച്ചെപ്പേടും(849) പടിയോലകളും കാനോനകളും വിശകലനം ചെയ്യുമ്പോൾ ഭാഷാശില്പത്തിൽനിന്ന് പൊരുൾ ഖനനം ചെയ്തെടുക്കണമെന്നാണ് ചില പണ്ഡിതന്മാരുടെ ധാരണ. വാക്കുകളുടെ നിഷ്പ

ത്തിവിചാരത്തിലൂടെ അവർ ഭാവനാലോകത്തിലേക്ക് സഞ്ചരിക്കുന്നു. കാനോനകളിലെ പള്ളിക്കും മാപ്പിളയ്ക്കും നസ്രാണിക്കും ഭാവനാവിശദീകരണങ്ങൾ നല്കി ആത്മസംതൃപ്തി അടയുന്നവരുണ്ട്. സമൂഹപ്രക്രിയയെ നേരിട്ട് സ്പർശിക്കുന്ന ഇണങ്ങർ, മാർഗം, വഴിപാട്, യോഗം തുടങ്ങിയ പദങ്ങൾ വിശദമായി ചർച്ച ചെയ്യാൻ പലരും വിസമ്മതിക്കുന്നു. പദനിഷ്പത്തിവിചാരത്തിലൂടെ ഏറെ സഞ്ചരിച്ച് ചതിക്കുഴിയിൽ അകപ്പെടാതിരിക്കാൻ ജാഗ്രത. ലത്തീൻ - സുറിയാനി എന്ന ഭേദം സഭാത്മകജീവിതത്തിൽ വ്യത്യസ്തഘടനകളായി സ്പഷ്ടീഭവിക്കുന്നതിനു മുമ്പുള്ള നസ്രാണിഘട്ടത്തെക്കുറിച്ച് അല്പം മാനസികജാഗ്രത പുലർത്തിയാൽ കാനോനകൾ പുതിയ അർഥമണ്ഡലങ്ങൾ തുറന്നുതരും. ലത്തീനെയും സുറിയാനിയെയും വിരുദ്ധ ദ്വന്ദ്വങ്ങളാക്കാതെ പരസ്പര പൂരകങ്ങളാക്കാൻ പാശ്ചാത്യമിഷണറിമാരും മെത്രാന്മാരും ജാഗ്രത കാണിച്ചിരുന്നു. അത്തരത്തിൽ മെനെസിസിന്റെ കാലം മുതൽ ബെർണാർദിൻ, ചാൾസ് ലവീഞ്ഞ്, മിഡ്ലിക്കോട്ട് തുടങ്ങിയവരുടെ കാലം വരെയുള്ള കത്തോലിക്കാസഭയുടെ ചരിത്രം പുനർവായിക്കാൻ കഴിയണം. അതിലൊരുപക്ഷം തികച്ചും സാഹിതീയമായും സ്വഭാവിഷ്കരണപരമായും അവതരിപ്പിക്കുന്നതാണ് വർത്തമാനപുസ്തകം. പൂർവപക്ഷങ്ങൾ വേണ്ടുവോളമുണ്ടാവാം. പാശ്ചാത്യമിഷണറിപക്ഷമെന്ന് നമുക്കതിനെ വിശേഷിപ്പിക്കാം. ഇത്തരം ചരിത്രപഠനങ്ങൾക്ക് ഊർജംപകരാൻ പുത്തനുണർവ് ആവശ്യമായിരിക്കുന്നു.

രണ്ട്

സമകാലിക കേരളത്തിൽ സജീവചർച്ചാവിഷയമാകുന്ന സങ്കല്പനമാണ് നവോത്ഥാനം. കേരളീയ നവോത്ഥാനത്തെക്കുറിച്ച് ഏകാഭിപ്രായക്കാരല്ല പണ്ഡിതന്മാർ. നമ്മുടെ ചർച്ചയ്ക്കാവശ്യമായ ചിലകാര്യങ്ങൾ ചുരുക്കിപ്പറയാം.

7. കേരളീയ നവോത്ഥാനനായകരായി കൊണ്ടാപ്പെടുന്ന ഏബ്രഹാം മല്പാൻ (1795- 1846), ചാവറയച്ചൻ (1805-1871), ബ്രഹ്മാനന്ദ ശിവയോഗി (1852-1929), ചട്ടമ്പിസ്വാമികൾ (1853-1924), നാരായണഗുരു (1854-1928), അയ്യങ്കാളി (1866-1941), ഏലീശ്വാമ്മ (1866

-1913), സഹോദരൻ അയ്യപ്പൻ (1889-1968) തുടങ്ങിയവരെല്ലാം ജാതി വിരുദ്ധതയുടെ പതാക വാഹകരായിരുന്നു. അതായിരുന്നു നവോത്ഥാനമുദ്ര. അത് ദേശീയതയോളം വളർന്നു.

8. പാശ്ചാത്യനവോത്ഥാനത്തിൽനിന്ന് വ്യത്യസ്തമായി കേരളീയ നവോത്ഥാനനായകർ മതാത്മകതയെയും സാമുദായികതയെയും പരിഷ്കരിച്ച് നവോത്ഥാനശക്തിയാക്കി ഉപയോഗിച്ചു. കേരളീയനവോത്ഥാനവും മതാത്മകതയും തമ്മിലുള്ള ബന്ധം ക്രൈസ്തവ മിഷണറിമാരിലേക്ക് ദീർഘിപ്പിച്ചുകൂടേ? പതിനാറാം നൂറ്റാണ്ടിലുണ്ടായ കത്തോലിക്കാ മിഷണറി പ്രവർത്തനത്തിന്റെ ഏറ്റവും പ്രകടമായ രൂപമായിരുന്നു ഉദയംപേരൂർ സൂനഹദോസ് .

9. ഇന്നും നിലയ്ക്കാത്ത പരിവർത്തനത്തിന്റെ കൊടുങ്കാറ്റാണ് ഉദയംപേരൂർ സൂഹദോസ്.

കേരളത്തിലെ ക്രൈസ്തവസമുദായത്തിലുണ്ടാക്കിയ സ്വത്വസംഘർഷം ആദ്യം സുറിയാനിക്കാർ- ലത്തീൻകാർ എന്ന വ്യത്യസ്തസമൂഹങ്ങൾക്കും പിന്നീട് റോമാക്കാർ, സുറിയാനിക്കാർ, യാക്കോബായക്കാർ, അന്ത്യോക്യക്കാർ, മാർതോമാക്കാർ ഓർത്തഡോക്സുകാർ തുടങ്ങിയ ഉപസമൂഹങ്ങൾക്കും രൂപംനല്കി.

സൂനഹദോസിനുമുമ്പുതന്നെ ക്രൈസ്തവസമൂഹത്തിലുണ്ടായിരുന്ന തെക്കുംഭാഗം - വടക്കുംഭാഗം വിഭജനത്തിന്റെ പുറമേയായിരുന്നു. പുതുസമൂഹശൃംഖല - വംശീയവും ജാതീയവും മതപരവുമായ ശക്തികൾ ചേർന്നുണ്ടായ സങ്കലനബഹളമായി ഈ സമൂഹരൂപീകരണപ്രക്രിയയെ വിശേഷിപ്പിക്കാം.

മൂന്ന്

10. സൂനഹദോസിന്റെ ജാതിവിരുദ്ധത വെളിവാക്കാൻ കാനോനകളിലേക്കുതന്നെ പോകണം. ജാതിഭേദം എന്ന ആശയവുമായി ക്രൈസ്തവസമൂഹത്തിനു പൊരുത്തപ്പെടാനാവില്ല എന്ന് സൂനഹദോസ് പ്രഖ്യാപിക്കുന്നു. അക്കാര്യം വിശദീകരിക്കുന്നുമുണ്ട്.

രണ്ടാം കാനോന

തണ്യമരിയാത ആകുന്ന തീണ്ടിക്കുളിയും തീണ്ടുന്നതദൊ ഷവും എന്ന കല്പിച്ച തീണ്ടുന്നവരെ വരകയും ചൈയുന്നത മാറണം എന്ന അത്രെ അപെക്ഷ. എന്നാൽ മലംകര നസ്രാണിമാ പ്പിളമാര മലയാംരാജാക്കളുടെ നാട്ടിലും അവരുടെ എടയിലും ഇരി ക്കുംപൊൾ വിശ്വാസത്തിന്ന അന്തരം അല്ലാതെ (ഉള്ളതെല്ലാം അവർക്ക ഒത്തവണ്ണം ഇരിക്കാതെ) തീണ്ടുകയും തീണ്ടിയാൽ കുളി ക്കയും ചൈയുന്നതകൊണ്ട തങ്ങടെ പെലർച്ചക്കും കച്ചവടത്തിന്നും അന്തരം ഒണ്ടന്നിട്ട തീണ്ടുന്നത ദൊഷം അല്ലാ എന്ന മനസ്സിൽ ഗ്രഹിച്ചുംകൊണ്ട അവരിടെ എടയിൽ ഇരിക്കുന്നതിനാംപക്കം തീണ്ടുമരിയാതി അവര കാണുന്നെടത്ത അവർക്ക ഒത്തവണ്ണം ഇരു ന്നകളയണം എന്നും അവര ആരും കാണുകയില്ലെന്ന തൊന്നു ന്നെടത്ത അതിന്ന ഒത്തവണ്ണം ഇരിക്കെണ്ടാ എന്നും ശുദ്ധമാന സൂനഹദൊസ അറിയിക്കുന്നു. തീണ്ടുമരിയാതി ഇല്ലാത്ത നഗരിക ളീന്ന കീൾ അമിശക്കാരരിൽ മാർഗ്ഗം പുക്കവരെ കണ്ടാൽ ഒക്കയും ഒന്ന എന്ന കണ്ട പ്രിയപ്പെടുകയും അനുസരിച്ചുകൊള്ളു കയുംവെണം. തംപുരാന്റെ തിരുമുമ്പിൽ നല്ലകൊലം എന്നും തണ്യ കൊലം എന്നും അച്ചനും ചെറുക്കനും എന്നും എളിയവനും പെരി യവനും എന്നും ഇല്ല. അത എന്തെ? എല്ലാവർക്കും ഒടയവനും തമ്പുരാനും താൻ ആയതിനെക്കൊണ്ട നാം മാനുഷര ഒക്കയും ചൊദ്യത്തിനുടെ ദിവസത്തിൽ ഒരുമിച്ച തന്റെ തിരുമുൻപാകെ യൊഗംകൂടുകയും മാർഗ്ഗമായ നൊം ഒക്കയും ശുദ്ധമാന കുറുബാന കൊള്ളുന്നെടത്ത ഒരുമിച്ച മുട്ടുംകുത്തികൊള്ളുകയും വെണം. പള്ളി യിടെ ശുദ്ധമാന കൂദാശകൾക്ക നാം ഒക്കയും ഒരുപൊത്രെ ആകു ന്നതു. അതിമ്മെൽ പറഞ്ഞ അവകാശത്തിന്ന തൊടാത്തത എന്നിയെ ആരാനും കാണാതെ തൊട്ടു എംകിൽ അതിന്ന കുളിച്ചെ മതിയാവു എന്ന വരുന്നത ഒക്കയും കാവ്യരുടെ കൃത്ത്യം അത്രെ. കീൾ അമിശക്കാരെ അല്ലാതെ തൊട്ടാൽ കുളിക്കണ്ടാത്തവരെ തൊട്ടാൽ ചെലടത്ത കുളിച്ചു ഞായം. ഒട്ടെറെയും തെക്കെ ദിക്കിൽ ഇത ആകുന്നു. ഇതിനെക്കൊണ്ട മലയാളർക്ക മെനികെടും വെറുപ്പും ഒണ്ടുതാനും എന്ന ഇരിക്കുന്നെടത്ത അവരെ തൊട്ടാൽ കുളി ക്കുന്നതിനെക്കൊണ്ട വഴിയെ കുറ്റപ്പെടുത്തിയെ മതിയാവു. അത

എന്തെ കാവ്യരുടെ മരിയാതകൾക്ക ഒത്തവണ്ണം ഇരിക്കുന്നവരെ പ്പോലെ. ഇത പൊരുൾ പറകയും കുംപസാരിക്കയും ചൈയ്യുന്ന പട്ടക്കാര ലൊകരെ പല കുറിയും പറഞ്ഞ ബൊധിപ്പിക്കയും വെണം.

ഇവിടെ സൂനഹദോസിന്റെ സംഘാടകകരുടെ സന്ദിഗ്ധത ശ്രദ്ധിക്കേണ്ടതാണ്. ജാത്യാചാരങ്ങൾ വേണ്ടാ. എന്നാൽ ജാത്യാ ചാരങ്ങൾ പാലിക്കാതിരുന്നാൽ നസ്രാണികൾ മറ്റുള്ളവരിൽനിന്ന് ഒറ്റപ്പെട്ടുപോയി കുരുമുളകു കച്ചവടം അവതാളത്തിലാകുമെങ്കിൽ ജാതിച്ചിട്ടകൾക്ക് വഴങ്ങാം. മതവും വാണിജ്യവും തമ്മിലടിക്കാതെ കൊണ്ടുപോകുവാനുള്ള പാശ്ചാത്യതന്ത്രമാണിത്. മെനെസിസ് മെത്രാപ്പോലീത്ത പോർച്ചുഗീസ് ഭരണകൂടത്തിന്റെ പ്രതിനിധിയാ യിരുന്നു എന്ന കാര്യം കൂടി ഓർമിക്കണം.

11. സമത്വബോധം സുപ്രധാനമാണെന്ന് സൂനഹദോസിന്റെ സംഘാടകർ തിരിച്ചറിയുന്നു. അതിന്റെ താത്ത്വിക അടിത്തറ മറ്റൊരു കാനോനയിൽ വിശദീകരിക്കുന്നുണ്ട്.

ഇരിപത്തൊൻപതാം കാനൊന

'എല്ലാ പള്ളികളിലും നിക്കുന്ന വിഗാരിമാരൊടും പട്ടകാര രൊടുംകൂടെ ശുദ്ധമാന സൂനഹദൊസ ഉത്സാഹത്തൊടുകൂടെ ചൊല്ലുന്നു. തങ്ങൾക്ക അയൽപക്കം ആയി ഒള്ള ശൂദ്രരൊടും ഇഴ വരൊടും ശെഷം കമ്മാളരൊടും, ശുദ്ധമാന കത്തൊലിക്കാ വിശ്വാസം പറഞ്ഞും രഹസ്യവും ഞായവും ആയ പ്രകാരങ്ങൾ കൊണ്ടും ഒട്ടെറെയും ശുദ്ധമാന എവൻഗാലിയിൽ എഴുത്തുപെട്ട അരുളപ്പാടുകൾകൊണ്ടും പട്ടാങ്ങെടെ വിശ്വാസത്തിൽ വരുത്തുവാൻ ശ്രമിക്കണം എന്ന. കമ്മാളര നിവുഷതത്താലെ മാർഗ്ഗത്തിൽ വരും എന്ന ശുദ്ധമാന സൂനഹദൊസ അറിഞ്ഞതിനെക്കൊണ്ട ഇങ്ങന ത്തവര മാർഗ്ഗം പുക്കാൻ മറ്റൊള്ള നസ്രാണികളൊടകൂടെ ഒരുമിച്ച ഒര പള്ളിയിൽ കൂടുവാൻ കഴിവ ഒണ്ടാകണം എന്ന സൂനഹദൊ സിന്ന അപെക്ഷ ആയി. അത എന്തെ? എല്ലാവരും ഒര തംപുരാ നെതന്നെ കുംപിടുകയും ഒക്കെക്കും വിശ്വാസം ഒന്നാകയും എല്ലാ വരും ഒര കൂദാശെടെ കീൾ അടങ്ങുകയും അതിനെക്കൊണ്ട തംപു രാനാൽ ഒള്ള ഭെദം ഇല്ല.

'യൂദന്മാരിലും യൌനായ പരുഷയിലും ഭേദം ഇല്ല എന്ന പൗലൊസശ്ലീഹാ ചൊല്ലിപൊലെ മെൽ അമുശം എന്നും കീൾ അമുശം എന്നും ഭെദവും ഇല്ല. ഇ തംപുരാനത്രെ എല്ലാവർക്കും കർത്താവ ആകുന്നത. എന്നാൽ തംപുരാനൊട അപെക്ഷിച്ചും കൊണ്ട ക്രമത്താലെ വിജാരിച്ച അപ്പൊൾ മലയാംരാജാക്കടെയും കർത്താക്കടയും എടയിൽ ഇരിക്കുന്നെടത്ത ഇങ്ങനെവശം അല്ല എന്നു കണ്ടു. അത എന്തെ? കീൾ അമുശക്കാരര കൊലം പൂകുന്ന വരും നസ്രാണി മാപ്പിളമാരും തങ്ങളിൽ ഒന്നിച്ചാൽ മെൽ അംശം ആകുന്നവരൊട പിന്നെ യാവരിച്ച കൂടാ എന്നതിനെക്കൊണ്ട ശുദ്ധ മാന സൂനഹദൊസ പ്രമാണിക്കുന്നു. കീൾ അമിശത്തിൽ ആർക്കാനും മാർഗ്ഗം പൂകുവാൻ മനസ്സ ഒണ്ടംകിൽ മെത്രാനൊട അറിയിക്കണം എന്ന . അത എന്ത? അവർക്ക വെറെ ഒര പള്ളിയും എടയരും അവരെ മൈപ്പാൻ ഒണ്ടാക്കുവാൻ ആയി. എടവകയിൽ ഇങ്ങനത്തവർക്ക അവരിടെ എന്നന്നെക്കുമുള്ള രക്ഷെട വാതൽ അടയ്ക്കപ്പെട്ട പൊകായ് വാൻ. അവർക്ക വെറെ പള്ളി ഒണ്ടാ വൊളം മറ്റൊള്ള പള്ളിയിടെ മെണ്ടകത്തീന്ന കുറുബാന കാണു കയും വെണം. മറ്റൊര കഴിവ തംപുരാൻ ഒണ്ടാക്കി മലയാം രാജാ ക്കൾ കീൾ അമിശം ആകുന്നവര കൊലം പുക്കാൽ മെൽ അമിശ ക്കാരരെപ്പൊലെ മറ്റ ഒള്ള നസ്രാണികളെ തൊടുവാൻ അനുവാസം തരുവൊളം താൻ ഇത. ഇവണ്ണം വരത്തിതരണം എന്ന ഇ എടവ കെടെ രക്ഷയുടയ പ്രത്തുക്കാൽ രാജാവ മലയാം രാജാക്കളൊട ശ്രമിച്ച വരത്തിതരണം എന്ന ശുദ്ധമാന സൂനഹദൊസ അപെ ക്ഷിക്കുന്നു.'

ഇതുവായിക്കുമ്പോൾ ചിലകാര്യങ്ങൾകൂടി ശ്രദ്ധിക്കണം. കേരളം പോലെയുള്ള ഒരു ബഹുമതപ്രദേശത്ത് ജാതിവ്യവസ്ഥ യുടെ ചട്ടക്കൂടുകൾക്കുള്ളിൽ വിമോചനത്തിന്റെ കൊടിയടയാളമായി മാറാൻ ക്രൈസ്തവസഭ ആഗ്രഹിക്കുന്നു. എന്നാൽ അങ്ങനെ മതം മാറിവരുന്നവരെ, വിശേഷിച്ച് കീഴാളരെ സമഭാവനയോടെ ഉൾക്കൊ ള്ളാൻ ക്രൈസ്തവർക്ക് കഴിയുന്നില്ല. ഈ സംഘർഷം ഇന്നും തുടരുകയാണ്. അത് പരിഹരിക്കാൻ പല പോംവഴികളും സൂനഹ ദോസ് നിർദേശിക്കുന്നു. എല്ലാവരും ഒത്തൊരുമിച്ച് ഒരേപള്ളിയിൽ സംബന്ധിക്കുന്നതാണ് ഉത്തമം. അത് സാധിക്കുന്നില്ലെങ്കിൽ പുതു

തായി ക്രിസ്തുമതം സ്വീകരിക്കുന്നവർക്ക് പള്ളിയുടെ മോണ്ടക ത്തിൽ (മോണ്ടളം) എങ്കിലും നില്ക്കാൻ അവസരമുണ്ടാകണം. ഇതൊന്നും നടക്കാത്തിടത്ത് വിവരം മെത്രാപ്പോലീത്തയെ അറി യിച്ച് നവാഗതർക്ക് പ്രത്യേക പള്ളികൾ ഉണ്ടാക്കണം. അവസാനം നിർദേശിച്ച കാര്യം പില്ക്കാലത്ത് വിദേശികളും നാട്ടുകാരുമായ ക്രിസ്ത്യാനികൾ ഏറ്റെടുത്തു. ജാതിപ്പിശാചിനെ മെരുക്കാൻ കഴി ഞ്ഞില്ലെങ്കിൽ ഇത്തരം സങ്കേതങ്ങളിലേക്ക് ഓടി രക്ഷപ്പെടാം. സുറി യാനി ക്രിസ്ത്യാനികളുടെ ഇടയിലേക്ക് മതം മാറിവന്ന കീഴാളരെ സംരക്ഷിക്കാൻ ചാവറയച്ചനെപ്പോലുള്ള സന്ന്യാസിമാരും മറ്റു ചില ഇടവക വൈദികരും ചെയ്ത സാഹസികശ്രമങ്ങൾ മറന്നുകൂടാ. നവോത്ഥാനത്തിന്റെ പുലർകാല നക്ഷത്രമെന്ന് ഉദയംപേരൂർ സൂന ഹദോസിനെ വിശദീകരിക്കുന്നത് സാധൂകരിക്കാമെങ്കിലും അതിന്റെ വിവക്ഷകളിൽ പരിമിതികളുണ്ട് എന്ന് ഓർക്കുക.

ഈഴവജാതിയിൽനിന്ന് ജാതിവിരുദ്ധപോരാട്ടത്തിന് ഇറങ്ങി ത്തിരിച്ച പോത്തേരി കുഞ്ഞമ്പുവിനും സഹോദരൻഅയ്യപ്പനും ലഭിച്ച ബഹുമതിപ്പേരുകൾ ഓർമിക്കുക.- പുലയൻ കുഞ്ഞമ്പു, പുല യൻ അയ്യപ്പൻ! ഇതുപോലെ പുലയനച്ചൻ എന്ന് ബഹുമതി ലഭിച്ച കത്തോലിക്കാ പുരോഹിതരും വിരളമല്ല.

12. കേരളീയ നവോത്ഥാനചിന്തയിൽ വലിയ ഇടം ലഭിക്കാതെ പോയ ഒരു വിഷയമാണ് സ്ത്രീപുരുഷസമത്വം. ഇന്ന് സ്ത്രീശാക്തീ കരണം ഏറെ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ്. എന്നാൽ പതി നാറാം നൂറ്റാണ്ടിലെ കേരളാസമൂഹത്തിൽ സ്ത്രീകൾക്ക് എന്തുപ ങ്കാണുണ്ടായിരുന്നത്? വിശേഷിച്ച് ക്രൈസ്തവസമൂഹത്തിൽ നസ്രാ ണികളുടെ ഇടയിൽ ആണുങ്ങൾക്കല്ലാതെ പെൺമക്കൾക്ക് പിന്തു ടർച്ചാവകാശം നല്കിയിരുന്നില്ല. ഉദയംപേരൂർ സൂനഹദോസ് ഈ നടപടിക്രമത്തെ എതിർത്ത് സ്ത്രീകളുടെ അവകാശത്തിനുവേണ്ടി തീരുമാനമെടുത്തു.

പതിനഞ്ചാം കാനോന

'മലംകര എല്ലാ ഞായത്തിനും എടത്തൂട ഒര മരിയാത ഒണ്ടാ യിരുന്നു. അത ആയത ഇ എടവകയിലെ നസ്രാണികളിടെ ആൺ

മക്കൾക്ക അന്തരപ്പാട ഒണ്ടായിരുന്നു. ഇത്ര ആൺമക്കൾ തന്നെ ഒള്ളെടത്ത തന്നെ അല്ല പിന്നെയൊ പെണ്ണുങ്ങൾതന്നെ ഒള്ളെടത്ത അവർക്ക അനന്തരപ്പാടിൽ വെന്തം ഇല്ലാതെ ഇരിന്നു (കെട്ടിയ സ്ത്രീധനവും കൊണ്ടപൊയ പെണ്ണുങ്ങൾക്ക തന്നെ അല്ല അനന്തരപ്പാട ഇല്ലാഞ്ഞു. പിന്നെയൊ കെട്ടുവാനും വളരുവാനും ഇരിക്കുന്ന പെണ്ണുങ്ങൾക്കുംകൂടെ അനന്തരപ്പാടിൽ വെന്തം ഇല്ലാതെ ഇരുന്നു) അനെകം വലയുന്നവരും ക്ഷെയിച്ചുപൊന്നുവരും ഒണ്ട. അവരുടെ കാർന്നവരെ ഒണ്ടാക്കിയതിനെ ആണങ്ങൾ എംകിലും അടുത്ത ചെർന്നവരെ എംകിലും അടക്കി ഞായം. വസ്തു ഒടയവന്റെ പെൺമക്കൾക്ക ഏതാനും കൊടുക്കണം എന്ന ഓർക്കുന്നും ഇല്ല. ഇത ഒക്കയും ഞായം ഒടെ മരിയാതക്കും ഞായത്തിനും എടത്തൂട ആകുന്നത. ഞായം ഒടെമാർഗ്ഗത്തിൽ കാർന്നവരിടെ കടവും ധനവും ആൺമക്കൾക്കും പെൺമക്കൾക്കും ഒരുപൊലെ അത്രെ ആകുന്നത. കാർന്നവര ഒരുത്തരുടെ വസ്തു അടക്കിയാൽ വസ്തു നെടിയവന്റെ പെൺമക്കൾക്ക ഒക്കയും വീണ്ടു കൊടുത്തെ മതിയാവൂ. ഇതിന്ന ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. ഇത്രനാളത്തെ മരിയാത ഞായമായ മരിയാത അല്ലാ എന്ന അടുത്ത ചെർന്നവർക്ക മരിക്കുന്നവർക്ക പെൺമക്കൾ ഒണ്ടംകിൽ തങ്ങൾക്ക ഏതും എടുത്ത അടക്കിക്കൊള്ളരുത. അത അടക്കുകിൽ ദൊഷത്തിൽ ആകുന്നുതാനും. വീണ്ട, മരിച്ച അവന്റെ പെൺമക്കൾക്ക അടക്കിയമൊതലും അതിനെക്കൊണ്ട ഒണ്ടാക്കിയ ഒഭെയവും കൊടുത്തെ മതിയാവു. ആൺമക്കൾതന്നെ കാർന്നവരിടെ വസ്തു പവുത്തുകൊള്ളരുത. തങ്ങടെ പെങ്ങന്മാർക്ക കൂടെ ഒകരി കൊടുത്തെ മതിയാവൂ. ഈവണ്ണം അല്ലാതെ ചൈകിൽ അവരും തങ്ങടെ പെങ്ങന്മാർക്ക അടുത്ത ഒകരി വീണ്ട കൊടുത്തെ മതിയാവു. വസ്തു ഒണ്ടാക്കിയവൻ ഇന്നതിന്നത ഇന്നാർക്ക് ഇത്ര എന്ന മരിക്കുമ്പോൾ കല്പിക്കുന്നത കൂടാതെ ഒള്ളത ഒക്കയുംകൊണ്ട ഒരുപൊല ഒകരി വീണ്ടുകൊടുത്തെ മതിയാവു. കെട്ടിയ പെണ്ണുങ്ങൾക്ക കൊടുത്ത സ്ത്രീധനം മുതലും ആൺമക്കൾക്ക കച്ചവടത്തിന്ന കൊടുത്തതും കൂടെ ഒവകരിയിൽ അടങ്ങുകയും വെണം.'

'ശുദ്ധമാന സുനഹദൊസ എല്ലാവർക്കും പ്രമാണമായി കല്പിക്കുന്നു ഇങ്ങിനെതന്നെയാവരിക്കണം എന്നും ഇത തങ്ങൾക്ക പ്രമാണം ആയിരിക്കണം എന്നും. തങ്ങടെ ആത്മാവിന്ന അടുത്ത ഇത ആയതിനെക്കൊണ്ട ഇതിന്ന എടുത്തൂട അടുത്ത ചെർന്നവര പെൺമക്കൾക്ക അടുത്ത അനന്തരപ്പാട കൂടാതെ എങ്കിലും ആങ്ങളമാര പെങ്ങന്മാർക്ക ഓകരി കൊടുക്കായ്കിലും കൂടെ അടങ്ങെണ്ടുന്നവർക്ക കൊടുക്കാതെ തങ്ങൾതന്നെ അടക്കിയും കൊണ്ട ഇരിക്കിലും വർക്ക മഹറൊൻ ചൊല്ലണം. ആ മഹറൊൻ പൊക്കുവാൻ ഈ കല്പനക്ക ഒത്തവണ്ണം ക്രിയയാലെ ഇരിന്ന വീണ്ടുകൊടുക്കെണ്ടുന്നവർക്ക കൊടുത്തെ ഒള്ളു എന്ന അറികാ.'

പിന്തുടർച്ചാവകാശവിഷയത്തിൽ ഉദയംപേരൂർ സൂനഹദോസിന്റെ തീരുമാനം യൂറോപ്യൻ നവോത്ഥാനത്തെയും അതിശയിക്കുന്നതുതന്നെ. മരുമക്കത്തായത്തിന് സമാന്തരമായി നസ്രാണി ഘടന എങ്ങനെ വേരുറച്ചു എന്ന് ആലോചിക്കേണ്ടതുണ്ട്. ഏതായാലും സൂനഹദോസിന്റെ പ്രയത്നം നസ്രാണിസമുദായത്തിൽ ഫലിച്ചില്ല. മേരി റോയി കേസിലാണ് നീതിന്യായക്കോടതിയിൽനിന്ന് പിന്തുടർച്ചാവകാശക്കേസിൽ ന്യായമായ തീർപ്പുണ്ടായത്. അക്കാര്യത്തിൽ സൂനഹദോസിനുണ്ടായിരുന്ന ജാഗ്രത കാനോനയിൽനിന്ന് വ്യക്തമായല്ലോ.

13. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിലൂടെ കടന്നുപോകുമ്പോൾ കേരളത്തിന്റെ സാംസ്കാരിക ഭൂമിശാസ്ത്രത്തെക്കുറിച്ച് പല അറിവുകളും ലഭിക്കും. മൂന്ന് തരത്തിലുള്ള പാർപ്പിട മേഖലകളെക്കുറിച്ച് വ്യക്തമായ പരാമർശം കാണാം. കാട്, കുടികൾ, അങ്ങാടികൾ. നസ്രാണികൾ അങ്ങാടികളിൽ ഒത്തുചേർന്ന് വസിക്കണമെന്ന് സൂനഹദോസ് ആഗ്രഹിച്ചു. അങ്ങാടികേന്ദ്രിതമാണ് സൂനഹദോസിന്റെ സമൂഹപരിഷ്കാര ചിന്തകൾ. കാടുകളിലും കുടികളിലും കഴിയുന്നവർ പൊതുധാരയിൽനിന്ന് ഒറ്റപ്പെട്ടുപോകുന്നു എന്നാണ് പരാതി. അങ്ങാടികളിലെ വാണിജ്യത്തിന്റെ തത്ത്വങ്ങൾ സത്യാത്മകമാകണമെന്ന് സൂനഹദോസ് നിഷ്കർഷിച്ചു. കൗതുകകരമായ ഒരു കാനോന കാണുക:

പതിനാറാം കാനൊന

ഇ എടവകയിലെ വസ്തുക്കൾ എപ്പെരും നസ്രാണികളിടെ മരിയാതകളും വഴിയെ കല്പിപ്പാൻ ശുദ്ധമാന സൂനഹദൊസിന്ന അപെക്ഷ ആകുന്നു. ഇ എടവകയിലെ അങ്ങാടികളിലെ ഹമറാ വാണിഭംകൊണ്ട അനെകം കൊഴപ്പങ്ങളും കൊലയും ഒണ്ട. ഒട്ടെറെയും എരപ്പാളികളിലും എളിയവരിലും ആകുന്നു. ഇതിന്ന ആരും ഇവണ്ണം ആരും ചൈയ്കയും അരുത. മാപ്പിളമാരിടെ അങ്ങാടിയിൽ ഹമറാവാണിഭം അരുതെന്ന (മാപ്പിളമാര ആരും ഇ വാണിഭം ചൈകയും അരുത). തങ്ങടെ സ്ഥലത്തെ രഹസ്യമായി ആർക്കാനും വിപ്പാൻ ശരസിക്കയും അരുത. ഇത ചൈയുന്നവരെ മെല്പട്ടക്കാരന്റെ മനസ്സിന്ന തക്കവണ്ണം കുറ്റപ്പെടുക്കയും വെണം. ഇ കൽപനക്ക തക്കവണ്ണം ഇരിയാത്തവരെ പ്രാശ്യത്വങ്ങളെക്കൊണ്ടും മഹറൊൻ വെണമെങ്കിൽ അതകൊണ്ടും കുറ്റപ്പാടുകൾ വെണം. മാർഗം അല്ലാത്തവരും മാർഗ്ഗക്കാരരും ഒരുമിച്ച ഇരുന്നുകൊള്ളുകയും കുടിക്കയും ചൈയ്യുന്നതിനെക്കൊണ്ട ഒള്ള ഒരിംപാടു മാറ്റുവാനും മറ്റും പല പല മരിയാതകൾ അങ്ങനത്തെ എടത്തീന്ന ഒണ്ടാകുന്നതിനെക്കൊണ്ട.'

മദ്യം കേരളത്തിലേക്ക് കടത്തിക്കൊണ്ടു വന്ന് പ്രചാരം നല്കുന്നതിൽ എന്തു പങ്കാണ് ക്രൈസ്തവർക്കുണ്ടായിരുന്നത് എന്ന് തർക്കിക്കാം. എന്നാൽ ആ തർക്കത്തിൽ ചരിത്രപരമായ ഈ രേഖകൂടി പരിഗണിക്കണം. മദ്യവർജനം കേരളീയ നവോത്ഥാനത്തിന്റെ ഭാഗമായി പരിഗണിച്ചാൽ ഉദയംപേരൂർ സൂനഹദോസിനും അതിൽ ഒരു പങ്കുണ്ട്.

'യുവജനഹൃദയം സ്വതന്ത്രമാണവരുടെ കാമ്യപരിഗ്രഹേച്ഛയിൽ' എന്ന സിദ്ധാന്തം സൂനഹദോസ് അംഗീകരിക്കുകയുണ്ടായി. കുടുംബങ്ങളുടെ സ്വത്തും ചാർച്ചയും സംരക്ഷിക്കാൻവേണ്ടി ബാല്യകാലത്തുതന്നെ വിവാഹനിശ്ചയം നടത്തുന്ന സമ്പ്രദായം ക്രൈസ്തവസമുദായത്തിലുണ്ടായിരുന്നു. സൂനഹദോസ് ഈ സമ്പ്രദായം നിരുത്സാഹപ്പെടുത്തി. മാത്രമല്ല, ഇങ്ങനെ തീരുമാനിച്ച് എഴുതിവച്ചാൽത്തന്നെയും 'പൈതങ്ങൾക്ക ദൃഢത വന്നാൽ അവർക്ക തങ്ങളിൽ കെട്ടുവാൻ മനസ്സ ഇല്ലാംകിൽ എഴുതിവച്ചതു കാര്യ അല്ല'

എന്നുകൂടി പ്രഖ്യാപിക്കുകയുണ്ടായി. ഇത് തികച്ചും ആരോഗ്യകരമായ പരിവർത്തനമായിരുന്നു. വിവാഹപ്രായം സൂനഹദോസ് നിശ്ചയിച്ചതും പ്രശംസനീയംതന്നെ. 'ചെറുക്കന പതിന്നാൽവയസ്സ തെകഞ്ഞ ആവൂ എന്നും പെണ്ണിന്ന പന്തിരണ്ട വയസ്സ തെകഞ്ഞ ആവൂ എന്നു' സൂനഹദോസ് തീരുമാനിക്കുകയുണ്ടായി. പൊതുവേ പറഞ്ഞാൽ, സൂനഹദോസിന്റെ വിവാഹസംബന്ധമായ എല്ലാ തീരുമാനങ്ങളും ക്രൈസ്തവസമുദായത്തിന്റെ പുരോഗതിയെ സഹായിച്ചിട്ടുണ്ട്.

വാണിജ്യരംഗത്തു പ്രവർത്തിച്ചിരുന്ന ക്രിസ്ത്യാനികൾ അന്യായപലിശ വാങ്ങരുതെന്ന് സൂനഹദോസ് നിർബന്ധപൂർവം അനുശാസിച്ചു. പന്ത്രണ്ടു ശതമാനത്തിലധികം പലിശവാങ്ങുന്നവരെ മഹറോൻ ചൊല്ലി സഭയിൽനിന്ന് പുറത്താക്കണമെന്നായിരുന്നു തീരുമാനം. ബാങ്കിങ്, ചിട്ടി തുടങ്ങിയ കാര്യങ്ങളിൽ പില്ക്കാലത്ത് ക്രൈസ്തവർക്കുണ്ടായിരുന്ന താത്പര്യം അനുസ്മരിക്കുമ്പോൾ ഈ തീരുമാനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതാണ്. 'വിപ്പാനും കൊള്ളുവാനും വെവ്വേറെ തൂക്കവും അളവും' ഉപയോഗിക്കുന്ന ക്രൈസ്തവരെ ശിക്ഷിക്കാനും സൂനഹദോസ് തീരുമാനിച്ചു. 'പൊല്ലാത്തനാൾ പിറക്കുന്ന കിടാങ്ങളെ' കൊല്ലുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്ന സമ്പ്രദായം പതിനാറാം നൂറ്റാണ്ടിൽ കേരളത്തിലുണ്ടായിരുന്നു. ഇങ്ങനെയുള്ള കുഞ്ഞുങ്ങളെ കണ്ടുപിടിച്ചു രക്ഷിക്കണമെന്ന് സൂനഹദോസ് ക്രൈസ്തവരോട് ആവശ്യപ്പെട്ടു. ഇന്നു കാണുന്ന അനാഥാലയങ്ങളുടെ ഉദ്ഭവം ഇങ്ങനെയായിരിക്കാം. ജീവകാരുണ്യപരമായ ഈ തീരുമാനം പ്രശംസനീയം തന്നെ.

സൂനഹദോസിനുമുമ്പ് മാർതോമാ ക്രിസ്ത്യാനികൾ പ്രാർഥനകളും മതതത്ത്വങ്ങളും അഭ്യസിച്ചിരുന്നത് സുറിയാനിഭാഷയിലായിരുന്നു. 'അതിന്റെ അർഥം ഇന്നത എന്ന അറിയാതെ ചൊല്ലഞായം'. 'ഇത മലയാംഭാഷയിൽ വെണം' എന്നു സൂനഹദോസ് തീരുമാനിച്ചു. കഴുത കുങ്കുമം ചുമക്കുന്നതുപോലെ, അർഥമറിയാതെ പ്രാർഥന ചൊല്ലുന്നതും വേദതത്ത്വങ്ങൾ ഉരുവിടുന്നതും വിഡ്ഢിത്തമാണെന്നു തീരുമാനിച്ചത് ഉചിതമായി. ഇന്ന് നസ്രാണികളുടെ ആരാധനാഭാഷ മലയാളമാണ്.

ഉദയംപേരൂർ സൂനഹദോസിന്റെ നവോത്ഥാനമുദ്രകൾ പല തരത്തിൽ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. ഇവിടെ നിർദേശിക്കപ്പെട്ട സമൂഹപരിഷ്കാരങ്ങളുടെ ഫലമായി കേരളീയ പൈതൃകത്തിൽനിന്ന് പലതരത്തിൽ ക്രിസ്ത്യാനികൾ വിച്ഛേദിക്കപ്പെട്ടുവെന്ന് പരാതിയുണ്ട്. ജാതി-ജന്മി- നാടുവാഴിസമൂഹത്തിൽ ഇത്തരം ഒറ്റപ്പെടലുകൾ സംഭവിച്ചേക്കാം. ഉദാഹരണത്തിന്, വിദ്യാഭ്യാസരംഗം. കളരികളായിരുന്നു പതിനാറാം നൂറ്റാണ്ടിലെ വിദ്യാകേന്ദ്രങ്ങൾ. കേരള ക്രിസ്ത്യാനികൾ ഉത്സാഹപൂർവം കളരികളിൽ കുട്ടികളെ അയച്ചിരുന്നു. അതിന് ചില്ലറ പരിഷ്കാരങ്ങൾ മാത്രമാണ് സൂനഹദോസ് നിർദേശിച്ചത്. പിന്നീട് മിഷണറിമാർ പാശ്ചാത്യമാതൃകയിലുള്ള വിദ്യാകേന്ദ്രങ്ങൾ ആരംഭിച്ചു. കഴിഞ്ഞ അഞ്ച് നൂറ്റാണ്ടുകാലത്ത് കേരളത്തിന്റെ വളർച്ചയിൽ മിഷണറിവിദ്യാലയങ്ങളും പാഠ്യപുസ്തകങ്ങളും വഹിച്ച പങ്ക് അനുസ്മരിക്കുമ്പോൾ സൂനഹദോസിന്റെ നവോത്ഥാനമൂല്യം വർധിക്കുന്നു. എന്തിനും കണക്കും ചിട്ടയും വേണമെന്ന നിർബന്ധം സൂനഹദോസിന്റെ കാനോനകളിൽ കാണാം. സുതാര്യത വിലപ്പെട്ട ഒരു ധാർമികമൂല്യമാണെന്ന് സൂനഹദോസ് മനസ്സിലാക്കുന്നു. പള്ളിയിലെ വരവു ചെലവു കണക്കു വേണം. സമ്പത്തുകൾ അപഹരിക്കപ്പെടരുത്. മാമ്മോദീസാ കണക്കുവേണം, വിവാഹരജിസ്റ്റർവേണം എന്നെല്ലാം നിർബന്ധിച്ചത് കേരള ക്രൈസ്തവ സമൂഹത്തെ സുതാര്യമാക്കാനായിരുന്നു. അത്തരത്തിലുള്ള അടുക്കും ചിട്ടയും കേരളനവോത്ഥാനനായകരെ ആകർഷിച്ചതുകൊണ്ടാണ് അവരും അത് നടപ്പിലാക്കിയത്. ഇങ്ങനെയൊക്കെ ആലോചിക്കുമ്പോൾ കേരളത്തിന്റെ ആധുനികീകരണത്തിൽ ഉദയംപേരൂർ സൂനഹദോസിന് നല്ല പങ്കുണ്ടെന്ന് വെളിവാകും. മെനെസിസ് അടക്കമുള്ളവരുടെ മനസ്സിൽ പാശ്ചാത്യ നവോത്ഥാനത്തിന്റെ ആശയാവലികളാണുണ്ടായിരുന്നത്. എന്നാൽ പരമ്പരാഗത വൈജ്ഞാനിക സമൂഹമായ കേരളം നിശ്ശബ്ദമായി അത് ഏറ്റെടുത്തില്ല. പല തന്ത്രങ്ങളും കടംകൊള്ളൽ ശൈലികളും പ്രവർത്തിച്ചതിന്റെ ഉത്പന്നങ്ങളാണ് ഇന്നുകാണുന്ന ക്രൈസ്തവ സംസ്കാര രൂപീകരണം. വിദ്യാലയങ്ങൾ, ആതുരശാലകൾ, പ്രസിദ്ധീകരണസ്ഥാപനങ്ങൾ തുടങ്ങിയവയെല്ലാം ആ ഗണത്തിൽ ഉൾപ്പെടും. ഒരു ബഹുമത സമൂഹമായ കേരളത്തിൽ ഏകമത സമൂ

ഹത്തിൽനിന്നെത്തിയ മതപ്രതിനിധികളുടെ ഇടപെടൽ ക്ഷോഭങ്ങൾ ഉളവാക്കിയെങ്കിൽ അതിൽ വിസ്മയമില്ല. ഇന്നും സാംസ്കാരികതലത്തിൽ ആഗോളതയും തദ്ദേശീയതയും തമ്മിൽ ഇത്തരം ബലപരീക്ഷ കാണാം. ഇത്തരം വ്യതിരിക്തതകൾ പരിവർത്തന ഊർജമാക്കി മുന്നോട്ടുപോകാൻ ശ്രമിക്കുകയാണ് ഓരോ സമൂഹവും.

അധികവായനയ്ക്ക്

അടപ്പൂർ എ. 2013 സാക്ഷരകേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ, കറന്റ് ബുക്സ്, കോട്ടയം

ഗോവിന്ദപ്പിള്ള പി. 2003 കേരളനവോത്ഥാനം, മതാചാര്യർ മതനിഷേധികൾ, ചിന്ത, തിരുവനന്തപുരം

2003 കേരളനവോത്ഥാനം ഒരു മാർക്സിസ്റ്റു വീക്ഷണം, ചിന്ത, തിരുവനന്തപുരം

ദലിത്ബന്ധു 1995 സാമൂഹ്യനവോത്ഥാനം 19-ാം നൂറ്റാണ്ടിൽ, ഹോബി പബ്ലിഷേഴ്സ്

രാഘവവാര്യർ എം.ആർ 2014 മധ്യകാലകേരളം, സാഹിത്യപ്രവർത്തകസഹകരണസംഘം

രാധാകൃഷ്ണൻ ആർ 2010 കേരളത്തിലെ നവോത്ഥാനസമരങ്ങൾ, മാളൂബൻ പബ്ലിഷേഴ്സ്

രേണുകുമാർ എം.ആർ 2009 പൊയ്കയിൽ യോഹന്നാൻ, കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

വേലായുധൻപിള്ള പി.വി. 1998 നവോത്ഥാനസംസ്കാരം കേരളത്തിൽ, കേരളസർവകലാശാല

സന്തോഷ് ഒ.കെ.	2011	പൊയ്കയിൽ ശ്രീകുമാരഗുരു, നവോത്ഥാനചരിത്രപാഠങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
സ്കറിയ സക്കറിയ	1994	ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഇടമറ്റം
സാനു എം.കെ.	2014	ജീവിതം തന്നെ സന്ദേശം, വിശുദ്ധ ചാവറയുടെ ജീവിതം, മനോരമ ബുക്സ്, കോട്ടയം
John K.J	1999	The Road to Diamper, Kerala Latin Catholic History Association, Kochi
Kinattinkal Sucy (Sr.)	2010	Servant of God Mother Eliswa, Kerala Latin Catholic History Association, Cochin
Mundadan Mathias A.	2008	Blessed Kuriakkose Elias Chavara, Darmaram Publications, Bangalore
Nedungatt George	2001	The Synod of Diamper Revisited, Pontificio Instituto Orientale, Rome